പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി കുട്ടനാട്ടിലെ റോഡുകളുടെ നിർമ്മാണത്തിന് സമർപ്പിച്ച അപേക്ഷകൾ

175(467) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി കുട്ടനാട്ടിലെ റോഡുകളുടെ നിർമ്മാണത്തിന് സമർപ്പിച്ച അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ.

(ബി) അനുവദിച്ച റോഡുകളുടെ വിശദവിവരവും അവ നടപ്പിലാക്കുന്നതിനുള്ള കാലതാമസത്തിനുള്ള കാരണവും വിശദമാക്കുമോ;

(സി) പ്രസ്തുത റോഡ് നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കുട്ടനാട് മേഖലയിൽനിന്നും പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ബഹുമാനപ്പെട്ട ജനപ്രതിനിധികൾ നൽകിയ റോഡുകൾ, പദ്ധതി മാർഗ്ഗരേഖ പ്രകാരം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ജില്ലാതലത്തിൽ സ്വീകരിച്ചുവരുന്നു.

(ബി) കുട്ടനാട് നിയോജകമണ്ഡലത്തിൽ 2007-2009 കാലയളവിൽ ഏറ്റെടുത്ത റോഡുകളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.* ഈ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ 2008-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരമാണ് തയ്യാറാക്കിയിട്ടുള്ളത്. ഇതിന്റെ നിരക്കുകൾ 2010 ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം പുതുക്കി കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പുതുക്കിയ നിരക്കിൽ കേന്ദ്രസർക്കാരിൽനിന്നും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുന്നതാണ്.

ത്രിതല പഞ്ചായത്തുകൾക്ക് അനുവദിച്ച പദ്ധതി വിഹിതം

176(468) ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം ത്രിതല പഞ്ചായത്തുകൾക്ക് അനുവദിച്ച പദ്ധതി വിഹിതത്തിൽ എത്ര ശതമാനം നാളിതുവരെ വിനിയോഗിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ എത്ര തുക നാളിതുവരെ പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly